"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കൊണ്ടോട്ടി നഗരസഭയിൽ 7-ാം വാർഡിൽ താമസിക്കുന്ന ശ്രീ. അമാരൻ സുബ്രഹ്മണ്യന്റെ വീടിന് സംരക്ഷണ ഭിത്തി നിർമ്മിച്ചു നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1989/2025/LSGD തീയതി,തിരുവനന്തപുരം, 11-08-2025

---

പരാമർശം:-

1. ബഹു. മനുഷ്യാവകാശ കമ്മീഷന്റെ 25.03.2022 ലെ HRMP No. 3452/11/9/2021/MPM നമ്പർ ഉത്തരവ്
2. കൊണ്ടോട്ടി നഗരസഭ സെക്രട്ടറിയുടെ 14.11.2024 ലെ G4(E2) - 5934/22-ാം നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025 ലെയോഗതീരുമാനം 2.5 ഖണ്ഡിക നം. 4.38

**ഉത്തരവ്**

കൊണ്ടോട്ടി നഗരസഭയിൽ 7-ാം വാർഡിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ. അമാരൻ സുബ്രഹ്മണ്യൻ താമസിക്കുന്ന ഈന്തുംകുഴി ഭാഗം ചെങ്കുത്തായ അപകടാവസ്ഥയിലുള്ള പ്രദേശമാണ്. ടിയാൻ വീടിന്റെ തറ നിർമ്മാണം പൂർത്തിയാക്കിയതിനാൽ വീടിന് സംരക്ഷണ ഭിത്തി നിർമ്മിച്ചു നൽകണമെന്ന് ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് പരാതി നൽകുകയും, എത്രയും പെട്ടെന്ന് സംരക്ഷണഭിത്തി നിർമ്മിച്ചു നൽകണമെന്ന് ബഹു. കമ്മീഷൻ പരാമർശം 1 പ്രകാരം ഉത്തരവാകുകയും ചെയ്തു. 15.05 സെന്റ് സ്ഥലമുള്ള അപേക്ഷകന് നഗരസഭയുടെ എസ്.സി.പി. ഫണ്ടുപയോഗിച്ച് ഈ പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകുന്നതിനായി പരാമർശം 2 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025 ലെ യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടു കൂടി പരിഗണിച്ച്, അപകടാവസ്ഥയിലുള്ള മറ്റ് കുടുംബങ്ങളുടെ വീടിനും സംരക്ഷണഭിത്തി

നിർമ്മിക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം നഗരസഭ സ്വീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടെ  കൊണ്ടോട്ടി നഗരസഭയിൽ 7-ാം വാർഡിൽ താമസിക്കുന്ന ശ്രീ. അമാരൻ സുബ്രഹ്മണ്യന്റെ വീടിന് സംരക്ഷണ ഭിത്തി നിർമ്മിച്ചു നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ശ്രീ. അമാരൻ സുബ്രഹ്മണ്യൻ, ഈന്തുംകുഴി ഹൗസ്, ചേപ്പിലക്കുന്ന്,
കൊണ്ടോട്ടി പി.ഒ., PIN- 673638
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 11-08-2025 10:57:47
സെക്ഷൻ ഓഫീസർ